# The stylistic influence of Tamil in Arabi-Malayalam songs

**Dr Aneesha P**
**Dr. Saidalavi C**

Tamil-like linguistic forms and stylistic features are predominant in the Arabi-Malayalam songs, composed even in 20th century. This style seems to have influenced the other branches of Mappilappattu at varying degree. Many authors are still inclined to the same style, if to a lesser extent, and imbibe it as the manifesting identity of Mappilappattu. This article investigates why the Arabi-Malayalam works composed even after the Malayalam language acquired its own identity, based on the six principles pointed out by Kerala Panini, moved away from the unique identity of the then contemporary Malayalam. The study identifies the affinity of Arabi-Malayalam to the broader tradition of Dravidian songs.

**Key words:** Arabi-Malayalam, Dravidian, Arwi, Arabi-Tamil, language identity, language mixture, Mappilappattu

## Bibliography

Abu, O. 1970. *Arbimalayala Sahithya Charithram (Mal),* Kottayam: National Book Trust

Iqbal Koppilan. 2008. *Vattappattu (Mal)*, Kondotty: Moyinekutty Vaidyar Smarakam

Muahammed Abdul Kareem, K K. 1995. *Arabi-Malayalam (Mal).* Farook Colllege Golden Jubilee Souvenir

Balakrishnan Vallikkunnu. 1999. *Mappilappattu: Oru Armukha Padanam (Mal).* Kozhikode: Poonkavanam

Balakrishnan Vallikkunnu. 1999. *Mappilabhasha: Arabimalayalathil ninnu sreshtamalayalathilekk (Mal)*. Kozhikode: Vachanam Books

Mansoorali T (Ed). 2014. *Arabi-Malayala Sahithya Padanangal (Mal).* Kozhikode: Lead Books

Meeran Muhammed Thoppil. 2010. *Arabi-tamilum Tamil Muslim sahithyavum (Mal)* Ishal Paithrukam. 14-17, 1.1 December 2010

Muhammed Abdul Kareem K K & Aboobacker K. 2005. *Vaidyar Sampoorna Krithikal(Mal).* Volume 1. Kondotty: Mahakavi Moyeenkutty Vaidyar Smaraka Committee

Muhammed Abdul Kareem K K & Aboobacker K. 2005. *Vaidyar Sampoorna Krithikal (Mal).* Volume 2. Kondotty: Mahakavi Moyeenkutty Vaidyar Smaraka Committee

Robert Caldwell. 1973. *Dravidabhasha Vyakaranam(Mal).* Thiruvananthapuram: Kerala Bhahsa Institute

Shamsudheen K O. 1978. *Mappila Malayalam (Mal)*. Thiruvananthapuram: Kerala University

Bayly, Susan. (1992). *Saints, Goddesses and Kings: Muslims and Christians in South Indian Society 1700 - 1900.* Cambridge: Cambridge University Press.

Hussain Randathani. 2009. *Mappila muslims*. Calicut.

Hussain Randathani. 2018. *Mappila Songs and Performing Artis*. Kondotty: Moyin Kutty Vaidyar Smaraka Mappila Kala Academy.

Kunjali V, 2004. *Sufism in Kerala.* Thenjippalam : Publication Division University of Calicut

Saiadalavi C. 2016. *Arabi Malayalam A contact Linguistics analysis* . Calicut : Lipi publications.

Saidalavi C. 2012. *A linguistic evaluation on Hybridization in Arabi Malayalam* , inrtnational review on social science and humanities. Vol 3. No.1 (April 2012) pp 96-103.

Saidalavi C. 2012. *Morphological analysis of Arabi Malayalam with special reference to Malappuram Padappattu,* proceedings of the international conference of Language contact in India. Pune : Deccan college Pune.

Saidalavi C. 2014. *A Sociolinguistics Evaluatin of Arabi-Malayalam.* Unpublished Ph.D thesis. Mysore University.

Shu'ayb Alim Tayka. 1993. *Arabic, Arwi and Persian in Sarandib and Tamil Nadu. A Study of the Contributions of Sri Lanka and Tamil Nadu to Arabic, Arwi, Persian and Urdu Languages, Literature and Education*. Madras: Imamul Arus Trust.

Trosten Tschacher .2001. *Islam in Tamil Nadu: Varia.* Halle-Wittenberg : Martin-Luther-University

Uwise, M.M. 1990 (1953). *Muslim Contribution to Tamil Literature. Kilakarai: Fifth International Islamic*. Tamil Literary Conference.

Vasudha Narayanan, 2003, *Religious Vocabulary and Regional Identity, A Study of the Tamil Cerappuranam (Life of the Prophet),* in Richard M. Eaton Ed., India's Islamic Traditions. Oxford University Press, New Delhi, , p. 393

**Dr Aneesha P**
Thalappil House
Ozhoor Post
Tirur, Malppuram
India
Pin: 676307
Ph: +91 8089319950

Email: aneeshaambalappara@gmail.com
ORCID: 0009-0001-3651-4201
&
**Dr Saidalavi C**
Professor, School of Linguistics
Malayalam University, Tirur
India
Pin: 676502
Ph: +91 9895012935
Email: drsaid@temu.ac.in
ORCID: 0000-0002-8011-4803

ISSN:2582-550X

# അറബിമലയാളപ്പാട്ടുകൃതികളിലെ തമിഴ്ശൈലീസ്വാധീനം

**ഡോ. അനീഷ പി**
**ഡോ. സൈതലവി സി**

തമിഴുമട്ടിന് മേൽക്കൈ ഉള്ളതും സാമാന്യവ്യവഹാര ഭാഷയിൽ നിന്ന് ഏറെ അകന്നുനിൽക്കുന്നതുമായ ഭാഷാശൈലിയാണ് ഇരുപതാം നൂറ്റാണ്ടിൽ രചിച്ച അറബിമലയാളപ്പാട്ടുകൃതികളിൽപോലും കാണാനാകുന്നത്. ഈ ശൈലി ഏറിയും കുറഞ്ഞും ഇതര മാപ്പിളപ്പാട്ടുശാഖകളിലേക്കും സംക്രമിച്ചതായി കാണുന്നു. മാപ്പിളപ്പാട്ടുകളിലെ മാപ്പിളത്തത്തിന്റെ മുദ്രയായി പല രചയിതാക്കളും ഇപ്പോഴും അതേ ശൈലിയോട് കുറഞ്ഞ അളവിലാണെങ്കിൽ പോലും പ്രതിപത്തി കാണിക്കുകയും ചെയ്യുന്നു. മലയാളഭാഷ സവിശേഷ സ്വത്വമാർജിച്ചതിന് ശേഷം രചിച്ച അറബിമലയാളകൃതികൾ കേരളപാണിനി ചൂണ്ടിക്കാണിച്ച ആറു നയങ്ങൾ ഉൾപ്പെടെ മലയാളത്തിന്റെ തനത് സ്വത്വത്തിൽ നിന്ന് എന്തുകൊണ്ടാണ് അകന്നു നിന്നത് എന്നാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്. ആ അന്വേഷണം ചെന്നെത്തുന്നത് അറബിത്തമിഴ് ഉൾക്കൊള്ളുന്ന വിശാലമായ ദ്രാവിഡപാട്ടുപാരമ്പര്യത്തിലേക്കാണ്.

**താക്കോൽ വാക്കുകൾ:** അറബിമലയാളം, ദ്രാവിഡം, ആർവി, അറബിത്തമിഴ്, ഭാഷാസ്വത്വം, ഭാഷാമിശ്രണം, മാപ്പിളപ്പാട്ട്

സങ്കരഭാഷാസ്വത്വപരികല്പന സ്വീകരിച്ച മുൻകാല ഗവേഷണങ്ങൾ (അബു. ഒ(1970), ഷംസുദ്ധീൻ(1978), സെയ്തലവി(2014)) അറബിമലയാളത്തിലെ തമിഴുസ്വാധീനത്തിന്റെ കാരണങ്ങൾ കണ്ടെത്തുവാനുള്ള ശാസ്ത്രീയാന്വേഷണത്തിന് ഏറെയൊന്നും മുതിർന്നിട്ടില്ല. വ്യാപാരം മുഖ്യഉപജീവനമാർഗമായി സ്വീകരിച്ച മാ

പ്പിള സമുദായത്തിന് സഹവസിക്കേണ്ടിവന്ന സ്വാഭാവികമായ ബഹുഭാഷാചുറ്റുപാടിന്റെ ഫലമായി കൈവന്ന സങ്കരസ്വഭാവം മാത്രമായി ഇതിനെ കണ്ട ഗവേഷകരുണ്ട്. (ഉദാഹരണം ഡോ. സി സെയ്തലവി (2014) ഈ പ്രതിഭാസത്തിന്റെ അനേകകാരണങ്ങളിലൊന്ന് മാത്രമായേ അത്തരം നിരീക്ഷണങ്ങളെ കാണുവാനാകൂ. പൌരാണിക കാലം മുതൽ മലബാറിലെ ജനങ്ങളുടെ വാമൊഴി തലത്തിൽ തമിഴിനുണ്ടായ സ്വാധീനം സംസ്കൃതവത്കരണത്തിന് വിധേയരാകാതിരുന്ന മാപ്പിളമാർ വാമൊഴിയിലും വരമൊഴിയിലും തുടരുകയായിരന്നു എന്നതാണ് മറ്റൊരു വാദം. ഇതും കാരണങ്ങളിലൊന്നു മാത്രമായേ ഗണിക്കാനാകൂ. പദതലത്തിൽ ദ്രാവിഡ കോശത്തിന്റെ വേരുകൾ മലയാളത്തിന്റെ ഇതരമേഖലകളെ അപേക്ഷിച്ച് മലബാറിൽ ദൃഢമാണെന്ന് സമ്മതിച്ചാൽ തന്നെയും മലയാളത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളിൽ നിന്നും തനത് പരിണാമങ്ങളിൽ നിന്നും പുറന്തിരിഞ്ഞ് നിൽക്കാൻ മാത്രമുള്ള സ്വത്വസമ്മർദമോ ഒറ്റതിരിയാനുള്ള സാഹചര്യമോ ഒന്നും ഭൂമിശാസ്ത്രപരമായും ചരിത്രപരമായും സാമൂഹികമായും മലബാറിനുണ്ടായിരുന്നില്ല. രാമചരിതം പോലുള്ള പാട്ടുകൃതികളിലെ ഭാഷാസ്വഭാവം അതേപടി വടക്കുഭാഗത്തെ മാപ്പിളമാർ പിൻതുടർന്നുവെന്ന ഊഹവും യുക്തിസഹമല്ല. യുദ്ധസന്ദർഭം ഉപജീവിച്ചെഴുതിയ രാമചരിതത്തെ പോലുള്ള പാട്ടുകൃതികൾ അറബിമലയാളം പടപ്പാട്ടുരചയിതാക്കളെ സ്വാധീനിച്ചിട്ടുണ്ടാകാമെന്നു മാത്രം. അറബിമലയാളത്തിന് അറബിത്തമിഴുമായുള്ള ബന്ധം കൂടി പരിശോധിച്ചാലേ പടപ്പാട്ടുകളിലെ വ്യതിരിക്ത ഭാഷാശൈലിയുടെ കാരണത്തെ കുറിച്ചുള്ള അന്വേഷണം പൂർണമാകൂ.

**അറബിത്തമിഴ് അഥവാ ആർവി**

അറബിത്തമിഴിന്റെ ഉൽപ്പത്തി സംബന്ധിച്ച് തോപ്പിൽ മുഹമ്മദ് മീരാന്റെയും(2014) Trosten Tschacher(2001)ന്റെയും അഭിപ്രായം ഇനി പറയും വിധം ക്രോഡീകരിക്കാം.

മുഹമ്മദ് നബിയുടെ കാലഘട്ടത്തിന് മുമ്പുതന്നെ തമിഴകത്തിന്റെ തീരപ്രദേശങ്ങളുമായി അറബികൾക്ക് വ്യാപാരബന്ധമുണ്ടായിരുന്നു. കായൽപട്ടണം, നാഗൂർ, തേങ്ങാപട്ടണം, തിരുച്ചിറപ്പള്ളി, തൂത്തുക്കുടി തുടങ്ങിയ തുറമുഖപട്ടണങ്ങളായിരുന്നു അവരുടെ ആദ്യകാല കൂടിയേറ്റ കേന്ദ്രങ്ങൾ. ജൈന, ബുദ്ധ മതവിശ്വാസികളിലൊരു വിഭാഗം ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്തതോടെ തമിഴകത്ത് മുസ്ലിംകളുടെ അംഗസംഖ്യ വർധിക്കുവാനും ഒരു

മിശ്രസംസ്കാരം ഉടലെടുക്കുവാനും കാരണമായി. ഇപ്രകാരം രൂപപ്പെട്ട മുസ്ലീം സമുദായങ്ങൾ ലബ്ബ, മരയ്ക്കാർ, റാവുത്തർ, ജോനകർ, തുലുക്കർ എന്നിങ്ങനെ വിവിധ പേരുകളിലാണറിയപ്പെട്ടത്. പ്രാദേശിക സംസ്കൃതി കൂടി സ്വാംശീകരിച്ച് വികസിച്ച ഇത്തരം സമുദായങ്ങളുടെ രൂപീകരണപ്രക്രിയ മലബാറിലെ മാപ്പിളസമുദായ രൂപീകരണ പ്രക്രിയയുമായി ഏറെ സമാനത പുലർത്തുന്നുണ്ട്. തമിഴകത്തെ മുസ്ലീങ്ങൾ തങ്ങളുടെ മതപരവും അല്ലാത്തതുമായ വ്യവഹാരത്തിന് രൂപപ്പെടുത്തിയ എഴുത്തുഭാഷയാണ് അറബിത്തമിഴ് എന്ന് അറിയപ്പെട്ടത്.

അറബിലിപിയിലെഴുതിയ തമിഴ് സാഹിത്യത്തെ വിശേഷിപ്പിക്കാൻ അറബുതമിഴ് എന്ന പദത്തിനു പുറമെ ആർവി എന്ന പദവും ഉപയോഗിച്ചിരുന്നതായി Trosten Tschacher (2001) സാക്ഷ്യപ്പെടുത്തുന്നു. ഉർദു ഭാഷകരായ ഡെക്കാൻ മുസ്ലീങ്ങളാണ് അറബുതമിഴിനെ ആർവി എന്ന് വിശേഷിപ്പിച്ചത്.ആരവംഎന്ന വാക്കിന് അവ്യക്തഭാഷണം എന്ന അർഥം കൽപ്പിച്ച് അറബുതമിഴിനെ അവമതിക്കാനാണ്ആർവിഎന്ന പ്രയോഗം ഉണ്ടാക്കിയത് എന്നും അഭിപ്രായമുണ്ട് (ഉദാ: Shu'ayb 1993). ഉത്തരേന്ത്യയിലും ഡെക്കാനിലും ഉർദുവിന് ലഭിച്ച സമ്മതി പ്രാദേശിക സംസ്കൃതിയോടും ഭാഷയോടും കൂടുതൽ ഇണങ്ങാനിഷ്ടപ്പെട്ട തമിഴ് മുസ്ലീങ്ങൾക്കിടയിൽ ഉണ്ടായില്ല എന്ന വസ്തുതയും പരിഗണിക്കേണ്ടതാണ് (Caldwell 1974: 14; cf. Uwise 1990: 239; Shu'ayb 1993: 100-1).

**അറബിത്തമിഴ് ലിപി**

ആർവിയിലെയും അറബിമലയാളത്തിലെയും ലിപിവിന്യാസം താരതമ്യം ചെയ്യുക വഴിയും അവ തമ്മിലുള്ള അടുപ്പവും അകലവും കണ്ടെത്താനാകും. Trosten Tschacher (2001) ആർവിയിലെ ലിപിവിന്യാസത്തെക്കുറിച്ച് സവിസ്തരം ചർച്ചചെയ്തിട്ടുണ്ട്. മാപ്പിളൈ ലെപ്പൈ എന്നും ഇമാമുൽ അറൂസ് എന്നും അറിയപ്പെടുന്ന കിഴക്കരെ സയ്യിദ് മുഹമ്മദിന്റെ ഹദിയമാലൈ എന്ന കൃതിയെയും ഷുഹൈബിന്റെ പഠനത്തിൽ (1993: 776–778) അധികവിവരമായിചേർത്ത പഴയ ആർവിലിപിയുടെ പട്ടികയെയും ആസ്പദമാക്കിയാണ് Tschacher (2001) തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. ഈ വിവരണത്തിലുള്ള ആർവിലിപിയ്ക്ക് ആദ്യകാല അറബിമലയാള ലിപിയോടുള്ള സാമ്യം ശ്രദ്ധേയമാണ്. പ്രസ്തുത പഠനത്തിലെ വിവരണമനുസരിച്ച് അറബിയിലില്ലാത്ത ച്, ട്. ര്, ള്, ണ്, ഴ് എന്നീ സ്വനങ്ങൾക്ക് ആർവി സ്വീകരിച്ചിട്ടുള്ള ലിപി തന്നെയാണ് അറബി

മലയാളവും സ്വീകരിച്ചിരിക്കുന്നത് (Tschacher (2001:14 - 16)). മറ്റു ദ്രാവിഡസ്വനങ്ങൾക്കുള്ള ലിപിയുടെ കാര്യത്തിൽ ആർവിയും അറബിമലയാളവും തമ്മിൽ വളരെ ചെറിയ വ്യത്യാസമേ ഉള്ളൂ. ഗ് എന്ന സ്വനത്തിന് ആർവിയിൽ ക് എന്ന സ്വനത്തിനുള്ള അറബിലിപിയുടെ താഴെ ഒരു കുത്താണ് ഇട്ടിരിക്കുന്നത്. അറബിമലാളത്തിലാകട്ടെ മുകളിൽ ഒരു ചരിഞ്ഞ വരയും.

ങ കാരത്തിന് അയ്ന് എന്നറിയപ്പെടുന്ന അറബിലിപിരൂപത്തിന്റെ മുകളിൽ രണ്ടു കുത്തും താഴെ ഒരു കുത്തുമാണ് ആർവിയിലുള്ളത്. അറബിമലയാളത്തിൽ മുകളിൽ രണ്ടിനു പകരം ഒരു കുത്തേ ഉള്ളൂ എന്നത് മാത്രമാണ് വ്യത്യാസം.

പകാരലിപിക്ക് പഴയ അറബിമലയാള കൃതിയിൽ അറബിയിലെഫ് എന്നതിനുള്ള ലിപിയാണ് ഉപയോഗിച്ചിരുന്നത്. ആദ്യകലാ അറബിമലായാള കൃതികളിലെല്ലാം പകാരത്തിന് അറബിയിലെ ഫ (Fa) ചിഹ്നമാണ് നൽകിയിരിക്കുന്നത്. പിൽക്കാലത്ത് പല അറബിമലയാളകൃതികളും (ഉദാ: വൈദ്യർ കൃതികൾ) ലിപ്യന്തരണം നടത്തിയപ്പോൾ പകാരത്തിന് തുല്യമായി /ള/ ന്റെ ഉച്ചാരണം സൂചിപ്പിക്കാൻ ഫകാരമാണ് ഉപയോഗിച്ചു കാണുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ മൂന്ന് ദശകങ്ങളിൽ പിറന്ന കൃതികളിൽ വരെ ഈ സവിശേഷത കാണാം. എഴുത്തിൽ /ള/ എന്നുള്ള ലിപിയാണെങ്കിലും ഉച്ചാരണത്തിൽ /പ്/ എന്ന് തന്നെയായിരിക്കാനാണിട; ലിപ്യന്തരണത്തിൽ /ഫ/ എന്ന മലയാളലിപി ഉപയോഗിച്ചു പോന്നതുകൊണ്ട് പാട്ടുകളിലും മറ്റും പകാരം ഫകാരമായി ഉച്ചരിക്കുന്നുണ്ടെങ്കിൽ പോലും. മേൽ പറഞ്ഞ വസ്തുത കൂടി കണക്കിലെടുത്താണ് ആർവിയിലെ പകാരലിപിയെ സമീപിക്കേണ്ടത്. ആർവിയിൽ പകാരത്തിന് അറബിയിലെ ഫ (Fa) യുടെ ലിപി തന്നെയാണ് ഉപയോഗിച്ചു പോന്നത്. To the letter fa (-f) a dot is added below, creating Tamil –p- This is quite different from Persian or Urdu, In which –p is written with aletter based on Arabic –ba (-b)" (Shuayb: 1974). മുകളിലെ കുത്തിന് പുറമെ താഴെയും ഒരു കുത്ത് നൽകിയിരിക്കുന്നു എന്നുള്ളത് മാത്രമാണ് ആർവിയും അറബിമലയാളവും ഇക്കാര്യത്തിൽ പുലർത്തുന്ന വ്യത്യാസം. പേർഷ്യൻ ലിപിയെ അനുകരിച്ച് അറബിയിലെ ബ് /(ba)/എന്നുള്ള ലിപിയ്ക്ക് താഴെ രണ്ട് കുത്തുകൂടി ചേർത്ത് പകാരം സൃഷ്ടിക്കാൻ ആർവിയും ആദ്യകാല അറബിമലയാളവും ശ്രമിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. അറബിമലയാളം പേർഷ്യൻ/ഉർദുമട്ടിലുള്ള പകാര ചിഹ്നം സ്വീകരിക്കുന്നത് പിൽക്കാലത്ത് വന്ന ലിപി പരിഷ്കരണങ്ങളിലാണ്.

പേർഷ്യൻ/ ഉർദു അനുകരണം എളുപ്പമായിരുന്നുവെങ്കിലും ദ്രാവിഡസ്വത്വത്തിലൂന്നി തനതു ലിപി വികസിപ്പിക്കാനായിരുന്നു അറബിത്തമിഴിന് താൽപര്യം. അറബിമലയാളം ആ പാത പിൻതുടരുക മാത്രമാണ് ചെയ്തതെന്ന് കരുതാൻ ന്യായമുണ്ട്.

ലഭ്യമായ വിവരണങ്ങളനുസരിച്ച് അറബിമലയാളത്തിലെ ആദ്യകൃതിയായ മുഹ്യുദ്ധീൻ മാലയ്ക്കും (1609) മുമ്പ്തന്നെ അറബിത്തമിഴിൽ മാലപ്പാട്ടുകളടക്കമുള്ള കൃതികൾ ഉണ്ടായിട്ടുണ്ട് (മീരാൻ: 2010). അതിനാൽതന്നെ ലിപിസംവിധാനകാര്യത്തിലും സാഹിത്യജനുസുകളുടെയും ശൈലിയുടെയും കാര്യത്തിലും അറബിമലയാളം അറബിത്തമിഴിനെക്കൂടി ആശ്രയിച്ചിരുന്നു എന്ന് പറയേണ്ടിവരും. ദക്ഷിണേന്ത്യൻ തീരപ്രദേശത്ത് കേരളത്തിലെ കൊല്ലം മുതൽ ആന്ധ്രയിലെ നെല്ലൂർ വരെയും ശ്രീലങ്കയിലുടനീളവും വസിച്ചിരുന്ന മുസ്ലീങ്ങളെല്ലാം ഒരു കാലത്ത് ആർവി മുസ്ലീങ്ങൾ എന്നറിയപ്പെട്ടിരുന്നതായി ഷുഹൈബ് (അതേ കൃതി: പുറം 11) യുക്തിയുക്തം സമർഥിക്കുന്നുണ്ട്. കേരളീയമുസ്ലീങ്ങളുടെ ബൌദ്ധികകേന്ദ്രമായിരുന്ന പൊന്നാനിയിൽ മതസാഹിത്യസാംസ്കാരികരംഗത്ത് നേതൃത്വം കയ്യാളിയിരുന്നവരായിരുന്നു മഖ്ദൂം കുടുംബം. പൊന്നാനി മുസ്ലീംകളുടെ ഒരു കേന്ദ്രമായിരുന്നു. ഹിജ്റ ഒമ്പതാം ശതകം മുതൽ ഒരു പണ്ഡിതകുടുംബം പൊന്നാനിയിൽ താമസം തുടങ്ങി. അവരാണ് പൊന്നാനി മഖ്ദൂം കുടുംബം. മഖ്ദൂം ഗോത്രക്കാർ യമനിലെ മഅ്ബറിൽ നിന്ന് കീഴക്കര, കായൽപട്ടണം മുതലായ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തു. മധുര, തഞ്ചാവൂർ, തിരുച്ചിറപ്പള്ളി, നാഗൂർ മുതലായ പ്രദേശങ്ങളിൽ ഇസ്ലാം പ്രചരിപ്പിച്ചതിൽ മഖ്ദൂം കുടുംബത്തിന് വലിയ പങ്കുണ്ട് (മൌലവി &കരീം 1978). മാപ്പിളമാരുടെ ഭാഷാസാഹിത്യവ്യവഹാരങ്ങളിൽ മഖ്ദൂമുമാർക്കുള്ള സ്വാധീനം നിസ്തർക്കമാണ്. തമിഴ് വേരുകളുള്ള മഖ്ദൂമുമാരിലൂടെയും തമിഴ് ചായ്‌വ് പുലർത്തുന്ന ഭാഷാശീലം സാഹിത്യവ്യവഹാരങ്ങളിൽ വ്യാപിച്ചിട്ടുണ്ട് എന്നും കരുതാൻ ന്യായമുണ്ട്. സാഹിത്യ-മത വ്യവഹാരങ്ങൾക്ക് സ്വീകരിച്ച ഭാഷാശൈലിയിലും എഴുത്തു സമ്പ്രദായത്തിലെ ഏറെക്കുറെ ഏകീകൃതമായ ലിപിയും തമിഴ്കേരളതീരങ്ങളുൾപ്പെട്ട മുസ്ലീംവാസ ദേശങ്ങൾക്ക് ചരിത്രത്തിലെ ഗണ്യമായ കാലയളവിൽ ഒരു പൊതുസ്വത്വം നൽകിയിരുന്നുവെന്ന് മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ തെളിയിക്കുന്നു.

കാലമേറെ പിന്നിട്ടിട്ടും, ഭാഷാപരിണാമവഴികളിൽ മലയാളം തനത് സ്വത്വമാർജിച്ചിട്ടും അറബിമലയാളസാഹിത്യം, പ്രത്യേകിച്ച് അതിലെ പടപ്പാട്ട് ജനുസ് തമിഴിന്റെ ഭാഷാഭാവങ്ങൾ കൈവെടി

യാൻ മടിച്ചുനിന്നതിന് മേൽപ്പറഞ്ഞ പൊതുസ്വത്വവും കാരണമായിട്ടുണ്ടെന്ന് കരുതാം. ദക്ഷിണേന്ത്യൻ തീരങ്ങളിലെ മുസ്‌ലീങ്ങൾക്കിടയിൽ പത്തൊമ്പതാം നൂറ്റാണ്ട് വരെ സജീവമായിരുന്ന സാഹിത്യപ്രവർത്തനങ്ങളുടെ സ്വഭാവം കൂടി വിലയിരുത്താതെ ആർവിയും അറബിമലയാളവും തമ്മിലുള്ള ബന്ധം പൂർണമായി വ്യക്തമാകില്ല.

**അറബിത്തമിഴ് സാഹിത്യം**

എ. ഡി പത്താം നൂറ്റാണ്ട് മുതൽക്ക് തന്നെ അറബിത്തമിഴിൽ പല കൃതികളും ഉണ്ടായതായി തോപ്പിൽ മുഹമ്മദ് മീരാൻ (2014: 61) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുഖ്യധാരാ തമിഴ് സാഹിത്യത്തിൽ നിന്ന് പൂർണമായി വേറിട്ടു നിന്നല്ല അറബിത്തമിഴിലെ സാഹിത്യധാര രൂപം കൊണ്ടത് എന്ന് വസുധാനാരായണൻ (2003: 393) സമർഥിക്കുന്നു. ഒമ്പതാം നൂറ്റാണ്ടിൽ രചിച്ചതെന്നു കരുതപ്പെടുന്ന കമ്പരുടെ രാമായണത്തിന് സ്ത്രീകളും പുരുഷൻമാരുമായ തമിഴ് മുസ്‌ലീം എഴുത്തുകാർ നൽകിയ വ്യാഖ്യാനം വസുധാനാരായണൻ ചൂണ്ടിക്കാട്ടുന്നു. തമിഴ് രാമായണത്തിൽ അവഗാഹമുണ്ടായിരുന്ന അനേകം പണ്ഡിതരെ അവർ പട്ടികപ്പെടുത്തുന്നുമുണ്ട്. സൂഫിവര്യൻമാരുടെ അന്ത്യവിശ്രമസ്ഥലം സന്ദർശിച്ച് ഉപചാരമർപ്പിക്കുന്നത് ഇപ്പോഴും തമിഴ്നാട്ടിലെ ഹിന്ദുക്കളുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ഭക്തിപ്രസ്ഥാനത്തിലെ വൈഷ്ണവധാരയാണ് മുസ്‌ലീങ്ങളോട് കൂടുതൽ അടുപ്പം പുലർത്തിയിരുന്നത് എന്ന് പ്രൊഫ. ഹുസൈൻ രണ്ടത്താണിയും (2018: 49) സാക്ഷ്യപ്പെടുത്തുന്നു. സൂസൻ ബെയിലിയെ (1992: 94) ഉദ്ധരിച്ച്. അള്ളാഹുവിനെ അള്ളാസ്വാമി എന്ന പേരിൽ ആരാധിച്ചിരുന്ന സമ്പ്രദായവും ഇരു സമുദായങ്ങൾ തമ്മിലുള്ള ഇഴയടുപ്പത്തിന് മകുടോദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

സൂഫികളുടെ തസ്കിറ സാഹിത്യവുമായി ശൈവസാഹിത്യത്തിലെ ബിംബകൽപനകൾക്കുള്ള ചാർച്ച സൂസൻ ബെയിലി (അതേ കൃതി: 120) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആവിർഭാവകാലം തൊട്ട് തമിഴ് മുസ്‌ലീം സമുദായത്തിലെ വിദ്യാസമ്പന്നരായ വലിയൊരു വിഭാഗം ഹിന്ദുമതവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ തമിഴ് സാഹിത്യപ്രപഞ്ചത്തെ ഉൾക്കൊണ്ടുപോന്നു. അതുവഴി തമിഴ് കാവ്യപാരമ്പര്യ വഴിയിലുള്ള എല്ലാതരം കവന സമ്പ്രദായത്തെയും ഉൾകൊള്ളാൻ തമിഴ് മുസ്‌ലീം രചയിതാക്കൾക്ക് സാധിച്ചു. അറബിക്, പേർഷ്യൻ. ഉർദു ഭാവങ്ങൾ അറബിത്തമിഴ് രചനകളിൽ പേരി

നുമാത്രമായി ചുരുങ്ങുവാൻ കാരണമായത് തമിഴുമുസ്ലീങ്ങൾ ഉൾക്കൊണ്ട ശക്തമായ ദ്രാവിഡപാരമ്പര്യ കണ്ണികളാണെന്ന് പറയാം . അറബിതമിഴ് സങ്കരഭാവം നിലനിൽക്കെ തന്നെ ദീപ്തമായ ദ്രാവിഡമുദ്രകൾ പേറുന്ന കൃതികൾക്ക് ഉത്തമോദാഹരണമായി സീറാപുരാണത്തെ സൂസൻ ബെയിലി (1992) അടയാളപ്പെടുത്തിയിട്ടുണ്ട്. എ. ഡി 1703 ൽ ഉമറുപുലവർ രചിച്ച സീറാപുരാണത്തിന്റെ രചനാശൈലിയിൽ കമ്പരാമായണത്തിന്റെയും ജീവകചിന്താമണിയുടെയും രചനാശൈലിയുടെ സ്വാധീനം പ്രകടമാണെന്ന് വസുധാനാരായണനും (2003: 397) തെളിയിച്ചിട്ടുണ്ട്.

വിവിധജനുസുകളിൽ പെടുത്താവുന്ന കൃതികൾകൊണ്ട് സമ്പന്നമായ അറബിത്തമിഴ് സാഹിത്യത്തിന്റെ വൈപുല്യം പല പണ്ഡിതരും സവിസ്തരം വിശകലനം ചെയ്തിട്ടുണ്ട്. ഈ കൃതികളിൽ പലതും കേരളമുൾപ്പെടെ മുസ്ലീങ്ങൾ അധിവസിക്കുന്ന ദക്ഷിണേന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും പ്രചുരപ്രചാരം നേടിയതായി സൂസൻ ബെയ്ലി (1986: 3573) ചൂണ്ടിക്കാട്ടുന്നു. പ്രവാചകൻമാരുടെയും സൂഫിവര്യൻമാരുടെയും ദിവ്യത്വത്തെ പ്രകീർത്തിക്കുന്ന കീർത്തനകാവ്യങ്ങൾക്കാണ് കൂടുതൽ ജനപ്രീതി ലഭിച്ചതെന്നും സൂസൻ (അതേ കൃതി) അഭിപ്രായപ്പെടുന്നു. ഈ ഗണത്തിൽപെട്ട കാവ്യകൃതികളുടെ സാത്വികരും ആത്മീയവാദികളുമായ രചയിതാക്കൾ പുലവർ എന്നറിയപ്പെട്ടു. മേൽപ്പറഞ്ഞ തരത്തിലുള്ള കീർത്തനകാവ്യങ്ങൾ മാലൈ എന്നാണ് അറിയപ്പെട്ടത്. പതിനാറാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ജീവിച്ചിരുന്ന ആലിപുലവരുടെ മെഹ്റാജ് മാലൈ അറബിത്തമിഴിലെ മാലൈ ജുനസിൽ കണ്ടുകിട്ടിയതിൽ വെച്ച് ആദ്യകൃതിയായി കണക്കാക്കുന്നു (മീരാൻ: 2014:69). അറബിമലയാളത്തിൽ ആദ്യകൃതിയായി കണക്കാക്കാവുന്ന മുഹിയിദ്ദീൻമാല വരുന്നത് പതിനേഴാം നൂറ്റാണ്ടിലാണ്. സൂഫിചിന്താസരണിയിൽ തൂലിക ചലിപ്പിച്ച അറബിത്തമിഴിലെ കവി സംഘങ്ങൾ (പുലവർകൾ) കൊണ്ടോട്ടിയും കോഴിക്കോടുമുൾപ്പെടെ മലബാറിലുടനീളം കവിസദസുകളിൽ പങ്കെടുത്ത് തങ്ങളുടെ കൃതികൾ അവതരിപ്പിക്കുക പതിവായിരുന്നുവെന്ന് അറബിമലയാള ഗവേഷകരായ കെ.കെ അബ്ദുൽകരീമും (1978) ബാലകൃഷ്ണൻ വള്ളിക്കുന്നും (2010) ഹുസൈൻ രണ്ടത്താണിയും (2018) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മലബാറിലെ മുസ്ലീങ്ങൾ അറബിത്തമിഴ് കവികളുമായി നടത്തിയ സാഹിത്യവിനിമയങ്ങൾ സ്വാഭാവികമായും അറബിമലയാളത്തിന്റെ ദ്രാവിഡഭാവം ഊട്ടിയുറപ്പിക്കാൻ സഹായകമായിട്ടുണ്ടെന്നു കരുതാൻ ന്യായമുണ്ട്.

മുഹിയുദ്ദീൻ മാലക്കു ശേഷം പിറവിയെടുത്ത കുഞ്ഞായിൻ മുസ്ലിയാരുടെ നൂൽമാലയിലും തമിഴുമട്ടിന്റെ ആധിക്യമുണ്ട്. അറബിമലയാളത്തിൽ രചിച്ച തമിഴുകാവ്യമെന്നു വരെ ഇതിനെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലെന്ന് മീരാൻ (2014) അഭിപ്രായപ്പെട്ടിട്ടുണ്ട്.

വേദം അറിവ് യെളുതാമ്മൽ ഓതും ജബ്റാഈൽ
മൊളിവത് യേണ്ടി അറബാൽ തൊളുന്ത നൈനാർ
മുഹമ്മനദിൻ തിരി പേര് വൊണ്ടുക്ക് വൊരുമൊളിയായ്

നൂൽമാലയിലെ ഈ വരി ഇക്കാര്യം വ്യക്തമാക്കുന്നു. ഭാഷയിൽ മാത്രമല്ല പ്രാസവൃത്തനിബന്ധനകളിലും ഈ ആധർമണ്യം കാണാം. തമിഴ് പുലവരുടെ കൃതികൾ ആദ്യകാലമാപ്പിളപ്പാട്ടു രചയിതാക്കളെ അത്രയേറെ സ്വാധീനിച്ചിട്ടുണ്ടെന്നതിന് ചേറ്റുവായ് പരീക്കുട്ടിയുടെ *പുലവർ വിരോധിച്ചാൽ നടക്കാപ്പാട്ട്* എന്നുള്ള വിധേയത്വം തുളുമ്പുന്ന വരികളും തെളിവാണ്.

ആശയ സ്വീകാര്യതയിലും അറബിമലയാളസാഹിത്യം തമിഴ് പുലവരോട് കടപ്പെട്ടിരിക്കുന്നു. തമിഴകത്ത് രൂപപ്പെട്ടുവന്ന സൂഫിസമാണ് മാലപ്പാട്ടുകളുടെ പിറവിക്കിടയാക്കിയത്. പിൽക്കാലത്ത് ദക്ഷിണണേന്ത്യയിലുടനീളം ഈ പ്രകീർത്തനങ്ങൾ വ്യാപരിച്ചു. അപ്രകാരം കേരളദേശത്തും അവ സ്വാധീനം ചെലുത്തി. അറബിമലയാളത്തിൽ മുഹിയുദ്ദീൻ മാല രചിക്കപ്പെടുന്നതിനുമുമ്പേ പ്രസ്തുത വിഷയത്തെ പുരസ്കരിച്ച് തമിഴിൽ മാലപ്പാട്ടുകൾ പിറവികൊണ്ടിരുന്നുവെന്ന് ഹുസൈൻ രണ്ടത്താണിയും (2016) ബാലകൃഷ്ണൻ വള്ളിക്കുന്നും (2012) മൌലവി & കരീമും (1978) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മാലപ്പാട്ടുകൾക്കു പുറമെ അറബിമലയാളത്തിലെ പ്രശസ്തമായ മിക്ക സാഹിത്യജനുസുകൾക്കും അറബിത്തമിഴിൽ പൂർവ മാതൃകകൾ കാണുവാൻ സാധിക്കും. ഖുർആൻ വിവർത്തനങ്ങളും ഭാഷ്യങ്ങളും, ഇസ്ലാമിക നിയമസംഹിതകൾ, ഹദീസുകൾ, തസവ്വുഫ് (യോഗാത്മകത്വം), ജീവചരിത്രങ്ങൾ, സ്തുതികാവ്യങ്ങൾ, പടപ്പാട്ടുകൾ, ആഖ്യായികകൾ, വിലാപകാവ്യങ്ങൾ, ചരിത്രം, ജ്യോതിശാസ്ത്രം, വാസ്തുവിദ്യ, ഉദ്യാന നിർമാണം, നിഘണ്ടുക്കൾ, തർക്കശാസ്ത്രം, വൈദ്യം, ധർമശാസ്ത്രം, ആക്ഷേപഹാസ്യം, ലൈംഗികശാസ്ത്രം, കായികവിദ്യ തുടങ്ങിയ ഒട്ടനവധി മേഖലകളിൽ അറബിത്തമിഴിൽ കൃതികളുണ്ടായതായി ഡോ.കെ.എം.എ സുബൈർ (2014 :263 282) സാക്ഷ്യപ്പെടുത്തുന്നു. അല്ലാമത് ലങ്കാപുരി, അജൈബു

ൽ അഖ്ബാർ, മുസ്ലിം നേശൻ, കശ്ഫുറാൻ അൻ ഖൽബിൻ ജാൻ തുടങ്ങിയ നിരവധി പത്രമാസികകൾ ദീർഘകാലം അറബിത്തമിഴിൽ പ്രസിദ്ധീകരിച്ചിരുന്നതായും അദ്ദേഹം തെളിവു നൽകുന്നു (അതേ കൃതി: പുറം 277).

ഇസ്ലാമിക നിയമസംഹിതകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാവ്യരൂപത്തിൽ ചോദ്യോത്തരഘടനയിൽ രചിക്കുന്ന അറബിത്തമിഴ് സമ്പ്രദായത്തെ മചാല (മസ്അല) എന്ന ജനുസിലാണ് പെടുത്തിയിരിക്കുന്നത്. ഈ വിഭാഗത്തിൽ ഏറ്റവും പഴക്കം ചെന്ന കൃതിയാണ് 1572ൽ വണ്ണപരിമളപുലവർ രചിച്ച ആയിരംമചാല. അറബിത്തമിഴിലെ ഏറ്റവും പഴക്കം ചെന്ന കൃതിയായി ചില പണ്ഡിതർ കണക്കാക്കുന്നത് ഇതിനെയാണ്. മചാലകൾക്ക് പുറമെ സാരോപദേശരരൂപേണയുള്ള ധാരാളംമാലൈ കൃതികൾ അറബിത്തിഴിനെ സമ്പന്നമാക്കിയിട്ടുണ്ട്.ആയിരം ഹദീസുകളെ 1191 പദ്യങ്ങളിലായി ശാം ഷിഹാബുദ്ദീൻ വലിയുള്ള രചിച്ചപെരിയ ഹമീദുമാണിക്യമാലൈ, അദബുമാലൈ,തൊഴുകൈമാലൈ,നോമ്പുമാലൈ,സക്കാത്ത്മാലൈ,സ്വദഖമാലൈ,തഖമാലൈ, ബിദ്അമാലൈ തുടങ്ങിയവയും ഈ ഗണത്തിൽപ്പെടുന്നവയാണ് (മീരാൻ: 2014).

കായൽപട്ടണം പോലുള്ള പ്രദേശങ്ങളിലെ മരക്കാർ വിഭാഗത്തിൽപെട്ടവരുമായി മലബാറിലെ മാപ്പിളമാർക്ക് ശക്തമായ സാംസ്കാരിക ബന്ധമുണ്ടായിരുന്നതായി ഹുസൈൻ രണ്ടത്താണി (2018: 52) അടയാളപ്പെടുത്തിയിട്ടുണ്ട്. അതുവഴിയാണ് വണ്ണപ്പരിമളപുലവരുടെ ആയിരം മസാലൈ, നൂഹ് വലിയുള്ളാ അൽ ഖഹിരിയുടെ വേദപുരാണം, കുണംകുടി മസ്താന്റെഗനീമത്ത് അൽ സലിഖീൽ മുതലായ കൃതികൾ മലബാറിലുടനീളം പ്രചാരത്തിൽ വരുന്നത്. ഇവ മലബാറിലെ മതപാഠ ശാലകളിൽ പഠിപ്പിച്ചിരുന്നതായും ഹുസൈൻ രണ്ടത്താണി (അതേ കൃതി: 53) സ്ഥാപിച്ചിട്ടുണ്ട്. ഇസ്ലാമികകർമങ്ങളെല്ലാം മാലപ്പാട്ടുരൂപത്തിൽ പ്രചരിപ്പിക്കുന്ന രീതിയാണ് തമിഴ് പുലവർ സ്വീകരിച്ചിരുന്നത്. നേരത്തെ പരാമർശിച്ച നിസ്കാരമാല, സക്കാത്ത് മാല, നോമ്പ് മാല തുടങ്ങിയവയ്ക്ക് പുറമെ ഉലമമാല, ഖുതുബ മാല, ഇഖ്തിലഫ് മാല തുടങ്ങിയവയും കേരളത്തിലെ മുസ്ലീം പണ്ഡിതർക്ക് പ്രിയപ്പെട്ടവയായിരുന്നു എന്നതിനും അദ്ദേഹം തെളിവുകൾ നിരത്തുന്നു.

കേരളക്കരയിൽ സൂഫിപാരമ്പര്യമുറയ്ക്കുന്നതിൽ തമിഴ്നാട്ടിലെ കായൽപട്ടണം കേന്ദ്രീകരിച്ചുള്ള പണ്ഡിതരുടെ പ്രവർത്തനം വളരെയേറെ പങ്കുവഹിച്ചതായി ഡോ. കുഞ്ഞാലി (2004) ചരി

ത്രരേഖകൾ സഹിതം തെളിയിച്ചിട്ടുണ്ട്. ഷൈഖ് അബ്ദുൽ ഖാദർ ജിലാനി എന്ന സൂഫിവര്യനെക്കുറിച്ച് കായൽപട്ടണത്തെ പുലവ സഭകളിൽ ഉടലെടുത്ത പല പാഠഭേദങ്ങളുള്ള മാലപ്പാട്ടുകൾ വാമൊഴി രൂപത്തിൽ മലബാറിൽ പ്രചരിച്ചിരുന്നുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഇതിന്റെ തുടർച്ചയെന്നവണ്ണമാണ് ഖാളി മുഹമ്മദ് 1609ൽ മുഹ്യുദ്ദീൻ മാല രചിച്ചതെന്ന് കരുതാൻ ന്യായമുണ്ട്. മുഹിയുദ്ധീൻ മാലയിലെ തമിഴ് തലപ്പും തമിഴ് ഭാഷയോടും കാവ്യശൈലിയോടും കൂടുതൽ കൂറും ആഭിമുഖ്യവും പ്രകടിപ്പിക്കുന്ന കുഞ്ഞായിൻ മുസ്ല്യാരുടെ കൃതികളും ചൂണ്ടിക്കാട്ടി അറബിമലയാളത്തിന് അറബിത്തമിഴിനോടുള്ള ജനിതകബന്ധം മീരാൻ (2014: 63) സയുക്തികം സ്ഥാപിച്ചിട്ടുണ്ട്. നിരവധി കൃതികളിൽ നിന്നുള്ള തെളിവുകൾ നിരത്തിയും ഇരുഭാഷകളിലേയും കൃതികൾ താരതമ്യം ചെയ്തും ഓരോ അറബിത്തമിഴ് പാട്ടുകൾക്കും മാപ്പിളക്കവികൾ അറബിമലയാളം പതിപ്പുകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന നിഗമനത്തിൽ ഡോ. ഹുസൈൻ രണ്ടത്താണി (2018: 53) എത്തിച്ചേരുന്നു.

കായൽപട്ടണം കേന്ദ്രീകരിച്ച് വികസിച്ച മരക്കാർമാരുടെ തമിഴ്-മുസ്ലീം സങ്കരസംസ്കാരം ദക്ഷിണേന്ത്യയിലെയും ശ്രീലങ്കയിലേയും ഇതര മേഖലകളിലെ മുസ്ലീങ്ങളെയും സ്വാധീനിച്ചതിന് വേണ്ടത്ര തെളിവുകളുണ്ട്. മരക്കാർ സംസ്കാരത്തിന്റെ വ്യാപന വഴികളിലെല്ലാം അവർക്കിടയിലെ പണ്ഡിതൻമാർ അവശേഷിച്ചുപോയ സാംസ്കാരിക മുദ്രകൾ ഇപ്പോഴും കണ്ടെടുക്കാനാകും. കൊച്ചിയിലും പിന്നീട് പൊന്നാനിയിലും വാസമുറപ്പിച്ച് കേരളക്കരയാകെയുള്ള മുസ്ലീങ്ങളുടെ ആത്മീയജീവിതത്തെ സ്വാധീനിച്ച മഖ്ദൂം പരമ്പരയുടെ വേരുകൾ കായൽപട്ടണത്താണെന്ന് അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. കായൽപട്ടണത്തെ പ്രമുഖ സൂഫിവര്യൻ ഉമർഅൽഖാഹിരി കോഴിക്കോട്ട് ഒരു അഭയകേന്ദ്രം സ്ഥാപിച്ചിരുന്നതായി ഡോ. വി. കുഞ്ഞാലി (2004) തെളിവ് നൽകുന്നു. തമിഴ് മുസ്ലീങ്ങൾ വഴി കേരളതീരത്തങ്ങോളമിങ്ങോളം വിവിധ സൂഫി പരമ്പരകൾക്ക് വേരോട്ടം ലഭിച്ചതായി അദ്ദേഹം തെളിവുകൾ നിരത്തി സ്ഥാപിക്കുന്നുണ്ട്. ഓരോ സൂഫി സംഘത്തിലും കവികൾ (പുലവർകൾ) കൂടിയുണ്ടായിരുന്നു എന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലം കൂടി പരിഗണിച്ചുവേണം മാപ്പിളപ്പാട്ടിനേയും അതിലെ ചില ജനുസുകളിൽ കാണുന്ന സാമാന്യവ്യവഹാരഭാഷയിൽ നിന്നും ഏറെ അകന്ന് നിൽക്കുന്ന തമിഴ് സ്വാധീനമുള്ള ഭാഷയേയും വിശകലനം ചെയ്യാൻ. നേരത്തെ സൂചിപ്പിച്ച

പോലെപുലവർ വിരോധിച്ചാൽ നടക്കാ പാട്ട് (ബാലകൃഷ്ണൻ വള്ളിക്കുന്ന് 2011: 14 ഉദ്ധരിച്ചത്) എന്ന ചേററുവായി പരീക്കുട്ടിയുടെ വരികൾ മാപ്പിളപ്പാട്ടിന്റെ രചനാവഴക്കങ്ങളിലും ഭാഷയിലുമുള്ള പുലവസ്വാധീനം വ്യക്തമാക്കുന്നു. തമിഴിന്റെ പ്രാദേശിക ഭേദങ്ങളാണ് പുലവർ കാവ്യങ്ങളുടെ ഭാഷയിൽ മുഴച്ചു നിന്നതെങ്കിലും മുഖ്യധാരാ തമിഴ് സാഹിത്യത്തിലെ ചെന്തമിഴ് ശൈലിയിലും അവർ കാവ്യരചന നടത്തിയതായി കാണുന്നു. ഈ ഗണത്തിലെ ഉത്തമ കൃതി സീറപുരാണമാണെന്ന് ഹുസൈൻ രണ്ടത്താണി (2018: 5455) അഭിപ്രായപ്പെടുന്നു.

ചെന്തമിഴ് സംസ്കാരത്തിലെ പ്രാസദീക്ഷയുൾപ്പെടെയുള്ള പല രചനാ സമ്പ്രദായവും ശൈലിയും നിയമമെന്നവണ്ണം പിന്തുടരുവാൻ മാപ്പിളപ്പാട്ടു രചയിതാക്കൾ ഒരു കാലത്ത് പുലർത്തിയ നിഷ്കർഷ ശ്രദ്ധേയമാണ്. ഈ കവനശൈലിയ്ക്ക് പുലവരോട് തന്നെയാണ് മാപ്പിളക്കവികൾ കടപ്പെട്ടിരിക്കുന്നത്.

വാക്കാൽ മുതനുൽ ചിറ്റെഴുത്തും കമ്പി
വാലും തലൈ ചന്തം കുനിപ്പും കമ്പി
(മോയിൻകുട്ടി വൈദ്യർ: സലീഖത്ത്:2005:1520)

മേൽക്കൊടുത്ത മോയിൻകുട്ടി വൈദ്യരുടെ വരികളിലെ ചിറ്റെഴുത്ത്, കമ്പി എന്നീ കാവ്യ സങ്കേതം തമിഴ് പാരമ്പര്യത്തിലുള്ളത് തന്നെയാണ്. ചേറൂർ പടപ്പാട്ടിലും സമാനമായ പരാമർശം കാണുന്നതായി ബാലകൃഷ്ണൻ വള്ളിക്കുന്ന് (2011: 66) ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

വൊടുക്കം കവിക്കുള്ളെ കണക്കുമില്ല
ഉരൈവാൻ ഒരു തിട്ടം അതും ഒന്നില്ല
ചിനത്തിൽ വക കമ്പി കഴുത്തുമില്ല
പടത്തിൽ ബിലങ്കതും ഫസഹത്തില്ല
പറൈവാൻ ഫഹ്മുകൾ ഇൽമുമില്ല

ചേറൂർ പടപ്പാട്ടിലെ മേൽപ്പറഞ്ഞ വരികളിൽ പരാമർശിക്കുന്ന കണക്ക്, കമ്പി, കഴുത്ത്, നിപ്പ്, എടുപ്പ്, വെപ്പ്, ബിലങ്ക് എന്നീ കാവ്യസങ്കേതങ്ങൾക്ക് തമിഴ് കവനപാരമ്പര്യത്തോടുള്ള ചാർച്ച സുവ്യക്തമാണ്. എതിരാളിയായ കവിയുടെ പിഴച്ച കവിതയെ വിമർശിച്ച് പുലിക്കോട്ടിൽ ഹൈദർ രചിച്ച വരികളും ഈ ചാർച്ച അനാവരണം ചെയ്യുന്നു.

എന്നും എന്നുങ്കൾ വച്ച്
എട മൊയ്യിലും പിഴച്ച്

ഏഞ്ഞതോ വരി മാഞ്ഞതോ
മറന്നതോ പിച്ച് കണകുണാ
എന്ന മൊളി രണ്ടിനും
നടുക്കുണ്ടൊരു കൊച്ച്
ഒന്നും രണ്ടും കണക്ക്
ഓത്തു പോരാ കവിക്ക്
ഉത്തമം മൊഴിയുത്തിലും വരും
കുത്തവും പൊക്കും പുന
അതിനുള്ളിലൊമ്പതു കള്ളിയിൽ
തല കൊള്ളണം കവിയ്ക്ക്

(ബാലകൃഷ്ണൻ വള്ളിക്കുന്ന് ഉദ്ധരിച്ചത് 2014:74-76)

മാപ്പിളപ്പാട്ടിലെ ഒഴിച്ചുകൂടാനാകാത്ത എട്ടോളം ശൈലീ സങ്കേതങ്ങളെയാണ് കവി പരാമർശിക്കുന്നതെന്ന് ബാലകൃഷ്ണൻ വള്ളിക്കുന്ന് (അതേ കൃതി) വിശദീകരിക്കുന്നു. ചിറ്റെഴുത്ത് (ഭാഷാഭംഗി), മൊയ്യ് (മൊഴി/ വാക്ക്), ഇടമൊയ്യ് (തുണ്ടം, ചാട്ടം, മുറുക്കം എന്നിവയുൾപ്പെടയുള്ള താളം), വെപ്പ് (വാക്ക് നിറുത്തുന്ന രീതി), എടുപ്പും നിപ്പും (ആലാപനത്തിൽ ഉടനീളം നിലനിർത്തേണ്ട ഏകരൂപത), കുനിപ്പ് (ആലാപനത്തിൽ ഉത്ഥാന പതനങ്ങളിലൂടെ തീർക്കേണ്ട ശൈലീപരമായ അന്തരങ്ങൾ), കുത്തം (ഉച്ചാരണത്തിൽ ചിലയിടത്ത് നൽകേണ്ട ഊന്നൽ അഥവാ പ്രബലനം), പൊക്ക് (ഉച്ചാരണത്തിൽ ചിലയിടത്ത് വരുത്തേണ്ട മൃദുലനം) തുടങ്ങിയ നിയമങ്ങളാണ് മേൽപ്പറഞ്ഞ വരികളിൽ പരാമർശിക്കുന്നത്.

മാപ്പിളപ്പാട്ടിന്റെ സൗന്ദര്യമായി കാണാവുന്ന ദ്രാവിഡവൃത്തത്തിലധിഷ്ഠിതമായ തനതു താളങ്ങൾക്കും പുലവരോട് തന്നെയാണ് കടപ്പാട്. തമിഴ് വൃത്ത (വിരുത്ത) രീതികളായ വെൺപാവ്, കലിപ്പാവ്, വഞ്ചിപ്പാവ്, ആശരിയപ്പാവ് തുടങ്ങിയ നിരവധി വകഭേദങ്ങളാണ് മാപ്പിളപ്പാട്ടിൽ കാണുന്നതെന്ന് മാപ്പിളപ്പാട്ട് ഗവേഷകനായ ഇഖ്ബാൽ കോപ്പിലാൻ (2008:22) തെളിയിച്ചിട്ടുണ്ട്. വിരുത്തം എന്നുകൂടി അറിയപ്പെടുന്ന പാവുകളിൽ തമിഴ് പുലവർ തങ്ങളുടെ മനോഗതമനുസരിച്ച് വൃത്തഖണ്ഡങ്ങൾ കൂട്ടിയും കുറച്ചും തനത് വിരുത്തങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മത്തുവിരുത്തം, വഴിവിരുത്തം, കാപ്പുവിരുത്തം, തലർവിരുത്തം, ചായൽ വിരുത്തം, തുടർ വിരുത്തം, ചെറുവിരുത്തം മുതലായവ ഈ മട്ടിൽ അവർ സൃഷ്ടിച്ചെടുത്തതാണെന്ന് കോപ്പിലാൻ (അതേകൃതി) സാക്ഷ്യപ്പെടുത്തുന്നു. ഈ വിരുത്തങ്ങൾ തന്നെയാണ് മാപ്പിളപ്പാട്ടും അടിസ്ഥാനപരമായി അനുവർത്തിച്ചത്;

പ്രാദേശിക താളങ്ങളും അറേബ്യൻ ഈണങ്ങളും അവയ്ക്ക് തനത് സൗന്ദര്യവും തനത് സ്വത്വവും നൽകിയിട്ടുണ്ടെങ്കിൽ കൂടി.

കാവ്യസങ്കേതത്തിൽ മാത്രമല്ല ഈ അനുവർത്തനം ഒതുങ്ങി നിന്നത്; ആദ്യകാല മാപ്പിളപ്പാട്ടിലെ ഇതിവൃത്തസ്വീകരണത്തിലും ഇത് പ്രകടമാണ്. അറബിത്തമിഴിലെ മാലൈ ഇനത്തിൽപെട്ട നിരവധി കാവ്യങ്ങൾക്ക് അറബിമലയാളത്തിൽ പതിപ്പുകളോ അനുകൽപ്പനങ്ങളോ ഉണ്ടായിട്ടുണ്ടെന്ന് ഹുസൈൻ രണ്ടത്താണിയും (2018) ഇഖ്ബാൽ കോപ്പിലാനും (2008) ബാലകൃഷ്ണൻ വള്ളിക്കുന്നും (2011) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഉദാഹരണമായി മുഹിയുദ്ദീൻ പുലവരുടെസഖൂം പടൈപ്പോർ എന്ന കൃതിക്ക് അറബിമലയാളത്തിലുണ്ടായ പതിപ്പാണ് ഉമർ ആലിം ലബ്ബയുടെ സഖൂം പടപ്പാട്ട്.

കാവ്യരചനയുടെ കാര്യത്തിൽ കനപ്പെട്ട ലക്ഷണഗ്രന്ഥങ്ങളൊന്നും അറബിമലയാളത്തിൽ കാണുന്നില്ലെങ്കിലും തമിഴ് പുലവരിൽ നിന്ന് സ്വീകരിച്ച തമിഴ് കവന പാരമ്പര്യത്തിലൂന്നിയ നടപ്പുരീതി പിൻതുടരാൻ അറബിമലയാള കാവ്യരചയിതാക്കളും പിൽക്കാലത്ത് മലയാള ലിപിയിൽ തന്നെ കാവ്യരചന നടത്തിയ മാപ്പിളപ്പാട്ടുരചയിതാക്കളും ശ്രമിച്ചിരുന്നു എന്ന കാര്യം നിസ്തർക്കമാണ്. ഇപ്രകാരം സ്വീകരിച്ച കാവ്യരചനാചിട്ടകൾ ലീലാതിലകത്തിന്റെദ്രമിഡസംഘാതാക്ഷര നിബദ്ധയെതുകമോനവൃത്തവിശേഷയുക്തം പാട്ട് എന്ന പാട്ടു ലക്ഷണത്തോട് ഒട്ടൊക്കെ യോജിച്ച് പോകുന്നുമുണ്ട്. അക്ഷരങ്ങളുടെ കാര്യത്തിൽ അറബിയും അധികമായി ചേരുന്നുവെന്ന് മാത്രം. അതുകൊണ്ടുമാത്രം അറബിമലയാളപ്പാട്ടു സാഹിത്യത്തെ രാമചരിതം പോലുള്ള പാട്ടുകൃതിയുടെ പിൽക്കാല തുടർച്ചയായി കണക്കാക്കുന്നതിൽ യുക്തിയില്ല. രാമചരിതം പോലുള്ള തദ്ദേശീയ പാട്ടുകൃതിയോടുള്ളതിനെക്കാൾ അറബിമലയാള കാവ്യരചയിതാക്കൾക്ക് അടുപ്പം തമിഴ് പുലവർ പരിചയപ്പെടുത്തിയ കാവ്യസമ്പ്രദായത്തോടായിരുന്നു. രണ്ടും വിപുലമായ ദ്രാവിഡകാവ്യപാരമ്പര്യത്തിന്റെ കണ്ണികളായതുകൊണ്ടുണ്ടാകുന്ന സ്വാഭാവികച്ഛായകൾ കണ്ടെത്താനാകുമെന്ന് മാത്രം.

പാട്ടുകൃതികളിൽ സംസ്കൃത പദങ്ങൾ ദ്രമിഡസംഘാതാക്ഷരമാക്കി ആരിയചിതയ്വ്രൂപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വലിത്തൽ, നീട്ടൽ, കുറുക്കൽ, വിരിത്തൽ, മുതൽക്കുറൈ, ഇടൈക്കുറൈ, കടക്കുറൈ തുടങ്ങിയ ചെയ്യുൾവികാരങ്ങൾ (മാറ്റങ്ങൾ) അറബിമലയാള കാവ്യങ്ങളിലും കാണുന്നുണ്ട്; അവിടവിടെ ചില അപവാദങ്ങൾ കാണാമെങ്കിലും. മാപ്പിളക്കവികളിൽ മിക്കവരും തമിഴിൽ,

പ്രത്യേകിച്ച് അറബിത്തിഴിൽ അവഗാഹം നേടിയിരുന്നവരായിരുന്നുവെന്നതിന് കെ.കെ. അബ്ദുൽകരീം (1989) ധാരാളം തെളിവ് നൽകിയിട്ടുണ്ട്. ആദ്യ അറബിമലയാള കൃതിയായി കണക്കാക്കുന്ന മുഹിയിദ്ദീൻ മാലയുടെ രചയിതാവായ ഖാളി മുഹമ്മദ് തമിഴ്നാട്ടിലാണ് മതവിദ്യാഭ്യാസം പൂർത്തിയാക്കിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കേരളത്തിലെ ഇസ്‌ലാം മതവിദ്യാഭ്യാസ കേന്ദ്രമായിരുന്ന പൊന്നാനി ആദ്യകാലത്ത് തമിഴ് സാഹിത്യകേന്ദ്രം കൂടിയായിരുന്നുവെന്നും അദ്ദേഹം തെളിയിക്കുന്നുണ്ട്. അറബിമലയാള കാവ്യസാഹിത്യത്തിന്റെ അസ്ഥിവാരമുറപ്പിച്ച കവികളായ മോയിൻകുട്ടി വൈദ്യരും, ചേറ്റുവായ് പരീക്കുട്ടിയുമൊക്കെ അറബിത്തമിഴിൽ കൂടി ശിക്ഷണം നേടിയവരായിരുന്നുവെന്ന് അവരുടെ ആധികാരിക ജീവചരിത്രങ്ങളിൽ കാണാം. സഖൂം പടപ്പാട്ട്, ഫുത്തഹുശ്ശാം, മിഅ്റാജ്മാല തുടങ്ങിയവ അതേപേരിലുള്ള അറബിത്തമിഴ് കൃതികളുടെ അറബിമലയാളം പതിപ്പുകളാണെന്നത് തർക്കമില്ലാത്തവിധം തെളിയിക്കാൻ പ്രയാസമില്ല.

**ഉപസംഹാരം**

മലയാളം നിലവാരപ്പെടലിന്റെ വഴിയിൽ ഏറെ മുന്നേറുകയും സംസ്കൃതാക്ഷരങ്ങൾ ലിഖിതഭാഷയിൽ വ്യവസ്ഥാപിതമാകുകയും ചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടിട്ട് പോലും ആദ്യകാല അറബിമലയാളപ്പാട്ടുകൃതികളിൽ കാണുന്ന തമിഴു സ്വാധീനത്തിന്റെ കാരണമന്വേഷിക്കാനാണ് ഈ പഠനം ശ്രമിച്ചത്. അറബിത്തമിഴിന്റെയും അറബിമലയാളത്തിന്റെയും ബന്ധം അനിഷേധ്യമാണെന്ന് ഈ പ്രബന്ധം തെളിയിക്കുന്നു. അറബിത്തമിഴിനെക്കൂടി പരിഗണിക്കാതെ അറബിമലയാളം പടപ്പാട്ടുകളിലെ ഭാഷയെക്കുറിച്ച് നടത്തുന്ന ഏത് നിരീക്ഷണവും അപൂർണമാകുമെന്നാണ് ഈ പഠനം മുന്നോട്ടവയ്ക്കുന്ന പ്രധാന വാദം.

**ഗ്രന്ഥസൂചി**

അബു ഒ. 1970. *അറബി മലയാള സാഹിത്യചരിത്രം.* കോട്ടയം: നാഷനൽ ബുക്ക് സ്റ്റാൾ.

ഇഖ്ബാൽ കോപ്പിലാൻ. 2008. *വട്ടപ്പാട്ട്.* കൊണ്ടോട്ടി: സ്കാർഫ് മോയിൻകുട്ടി വൈദ്യർ സ്മാരകം.

കരിം സി.കെ. 1983. *മുസ്‌ലിം സമുദായവും സംസ്കാരവും.* തിരുവനന്തപുരം: ചരിത്രം പബ്ലിക്കേഷൻസ്

കരീം സി.കെ. 1999. *പ്രാചീന കേരളവും മുസ്‌ലിം ആവിർഭാവവും.* കോഴിക്കോട്: ഇസ്‌ലാമിക് സാഹിത്യ അക്കാദമി

അബ്ദുൽ കരീം. 1995. *അറബിമലയാളം.* ഫാറൂഖ് കോളേജ് ഗോൾഡൻ ജൂബിലി സുവനീർ.

കുട്ടി വി.എം. 2006. *മാപ്പിളപ്പാട്ടിന്റെ ചരിത്രസഞ്ചാരങ്ങൾ.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

കുട്ടി വി.എം. 2007. *മാപ്പിളപ്പാട്ടിന്റെ തായ്‌വേരുകൾ.* തൃശൂർ: കേരള സാഹിത്യ അക്കാദമി.

ബാലകൃഷ്ണൻ വള്ളിക്കുന്നും മറ്റും. 1990. *മോയിൻകുട്ടി വൈദ്യർഅനുസ്മരണ പ്രബന്ധങ്ങൾ.* മലപ്പുറം: യുവകലാസാഹിതി.

ബാലകൃഷ്ണൻ വള്ളിക്കുന്ന്. 1999. *മാപ്പിളപ്പാട്ട് ഒരാമുഖ പഠനം.* കോഴിക്കോട്: പൂങ്കാവനം ബുക്സ്.

ബാലകൃഷ്ണൻ വള്ളിക്കുന്ന്. 2008. *മാപ്പിള സാഹിത്യവും മുസ്‌ലിം നവോത്ഥാനവും.* കോഴിക്കോട്: യുവത പബ്ലിക്കേഷൻസ്.

ബാലകൃഷ്ണൻ വള്ളിക്കുന്ന്. 2010. *മാപ്പിള സംസ്കാരത്തിന്റെ കാണാപ്പുറങ്ങൾ.* കോഴിക്കോട്: കാപിറ്റൽ ബുക്സ്.

ബാലകൃഷ്ണൻ വള്ളിക്കുന്ന്. 2018. *മാപ്പിളഭാഷ അറബിമലയാളത്തിൽ നിന്ന് ശ്രേഷ്ഠമലയാളത്തിലേക്ക്.* കോഴിക്കോട്: വചനം ബുക്സ്.

ബാലകൃഷ്ണൻ വള്ളിക്കുന്ന്. 2104. *മഹാകവി മോയിൻകുട്ടി വൈദ്യരുടെ കാവ്യ ലോകം.* കോഴിക്കോട്: വചനം ബുക്സ്.

മൻസൂറലി ടി (എഡി). 2014. *അറബിമലയാള സാഹിത്യ പഠനങ്ങൾ.* കോഴിക്കോട്: ലീഡ് ബുക്സ്.

മീരാൻ മുഹമ്മദ് തോപ്പിൽ. ഡിസം.2010. *അറബിത്തമിഴും തമിഴ് മുസ്‌ലിം സാഹിത്യവും.* ഇശൽ പൈതൃകം. ത്രൈമാസിക 1417. 1,1.

മുഹമ്മദ് അബ്ദുൽ കരീം കെ. കെ, അബൂബക്കർ, കെ. 2005. *വൈദ്യർ സമ്പൂർണ കൃതികൾ വാല്യം 1.* കൊണ്ടോട്ടി: മബാകവി മോയിൻകുട്ടി വൈദ്യർ സ്മാരക കമ്മിറ്റി.

മുഹമ്മദ് അബ്ദുൽ കരീം കെ. കെ, അബൂബക്കർ, കെ. 2005. *വൈദ്യർ സമ്പൂർണ കൃതികൾ വാല്യം 2.* കൊണ്ടോട്ടി: മബാകവി മോയിൻകുട്ടി വൈദ്യർ സ്മാരക കമ്മിറ്റി.

റോബർട്ട് കാൾഡ്വെൽ. 1973. *ദ്രാവിഡഭാഷാവ്യാകരണം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഷംസുദ്ദീൻ കെ.ഒ. 1978. *മാപ്പിള മലയാളം.* തിരുവന്തപുരം: കേരള യൂണിവേഴ്സിറ്റി

ഹുസൈൻ രണ്ടത്താണി. 2005. *മാപ്പിള മലബാർ.* കോഴിക്കോട്: ഇസ്‌ലാമിക് പബ്ലിഷിംഗ് ബ്യൂറോ.

Ahamed Zubair, K.M.A (2014). *Arawi or Arabu-Tamil.* India: Lap Lambert Academic Publishing.

Bayly, Susan. (1992). *Saints, Goddesses and Kings: Muslims and Christians in South Indian Society 1700 - 1900.* Cambridge: Cambridge University Press.

Hussain Randathani. 2009. *Mappila muslims*. Calicut.

Hussain Randathani. 2018. *Mappila Songs and Performing Artis*. Kondotty: Moyin Kutty Vaidyar Smaraka Mappila Kala Academy.

Kunjali V, 2004. *Sufism in Kerala.* Thenjippalam: Publication Division University of Calicut

Saiadalavi C. 2016. *Arabi Malayalam A contact Linguistics analysis* . Calicut : Lipi publications.

Saidalavi C. 2012. *A linguistic evaluation on Hybridization in Arabi Malayalam* , inrtnational review on social science and humanities. Vol 3. No.1 (April 2012) pp 96-103.

Saidalavi C. 2012. *Morphological analysis of Arabi Malayalam with special reference to Malappuram Padappattu,* proceedings of the international conference of Language contact in India. Pune : Deccan college Pune.

Saidalavi C. 2014. *A Sociolinguistics Evaluatin of Arabi-Malayalam.* Unpublished Ph.D thesis. Mysore University.

Shu'ayb Alim Tayka. 1993. *Arabic, Arwi and Persian in Sarandib and Tamil Nadu. A Study of the Contributions of Sri Lanka and Tamil Nadu to Arabic, Arwi, Persian and Urdu Languages, Literature and Education*. Madras: Imamul Arus Trust.

Trosten Tschacher .2001. *Islam in Tamil Nadu: Varia.* Halle-Wittenberg : Martin-Luther-University

Uwise, M.M. 1990 (1953). *Muslim Contribution to Tamil Literature. Kilakarai: Fifth International Islamic*. Tamil Literary Conference.

Vasudha Narayanan, 2003, *Religious Vocabulary and Regional Identity, A Study of the Tamil Cerappuranam (Life of the Prophet),* in Richard M. Eaton Ed., India's Islamic Traditions. Oxford University Press, New Delhi, , p. 393

**Dr Aneesha P**
Thalappil House
Ozhoor Post
Tirur, Malppuram
India
Pin: 676307
Ph: +91 8089319950
Email: aneeshaambalappara@gmail.com
ORCID: 0009-0001-3651-4201
&
**Dr Saidalavi C**
Professor, School of Linguistics
Malayalam University, Tirur
India
Pin: 676502
Ph: +91 9895012935
Email: drsaid@temu.ac.in
ORCID: 0000-0002-8011-4803